# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 26.10.2024**

**പ്രധാന വാർത്തകൾ**

**TIME : 07.25 AM**

1. റഷ്യ - യുക്രെൻ, പശ്ചിമേഷ്യൻ സംഘർഷങ്ങൾ തുടരുന്നതിൽ ആശങ്ക വ്യക്തമാക്കി ഇൻഡോ ജർമ്മൻ സംയുക്ത പ്രസ്താവന. ലോക സമാധാനം നിലനിർത്തുന്നതിനുള്ള പരിശ്രമങ്ങൾ അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമൻ ചാൻസ്ലർ ഒലാഫ് ഷോൾസും.

   **Indo-German joint statement expressed concern over Russia-Ukraine and West Asian tensions. Prime Minister Narendra Modi and German Chancellor Olaf Scholz expressed their shared interest in achieving peace and stability.**

2. ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രയേലിന്റെ വ്യോമാക്രമണം. ഇറാന്റെ മിസൈൽ ആക്രമണങ്ങൾക്ക് മറുപടിയെന്ന് ഇസ്രയേൽ.

   **Israel's airstrikes target military bases in Iran. Retaliation to Iran's missile attacks, said Israel.**

3. കിഴക്കൻ ലഡാക്കിലെ യഥാർഥ നിയന്ത്രണരേഖയിൽ ഇന്ത്യ, ചൈന സൈനിക പിൻമാറ്റം ആരംഭിച്ചു.

   **India and China have begun military withdrawal along the Line of Actual Control in eastern Ladakh.**

4. ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിന്റെയും കേരളം ഉൾപ്പെടെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെയും പത്രിക സമർപ്പണം പൂർത്തിയായി.

The filing of nominations for the first phase of the Jharkhand assembly elections and the by-elections in the states including Kerala ended last evening.

5. കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യത. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

   Widespread rain expected in Kerala today. Yellow alert in eight districts. Warning issued for fishermen at Kerala coast.

6. ബോർഡർ ഗാവസ്ക്കർ ട്രോഫിക്കുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു.

   Indian cricket team for Border Gavaskar Trophy announced.

*************************************************

## PRESIDENT DROUPADI MURMU

രാജ്യത്തിന്റെ വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമത്തിനായി നൂതന മെഡിക്കൽ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. റായ്പൂരിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കവെ, ദുർബല ജന വിഭാഗങ്ങളെ സേവിക്കുന്നതിന് മുൻഗണന നൽകാൻ രാഷ്ട്രപതി വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. റായ്പൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പരിപാടിയിലും രാഷ്ട്രപതി പങ്കെടുത്തു. ഛത്തീസ്ഗഡ് സർക്കാരിന്റെ "മഹ്താരി വന്ദൻ യോജന"യുടെ 9-ാം ഗഡു രാഷ്ട്രപതി വിതരണം ചെയ്തു. 70 ലക്ഷം വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

********************************

HEADLINE – 1

## INDIA-GERMANY (INTRO)

റഷ്യ - യുക്രൈൻ യുദ്ധം തുടരുന്നതിൽ ആശങ്ക പ്രകടിപ്പിച്ചു ഇന്ത്യയും ജർമ്മനിയും. ന്യൂ ഡൽഹിയിൽ ഇന്നലെ നടന്ന ഏഴാമത് ഇന്ത്യ-ജർമ്മനി ചർച്ചകൾക്ക് ശേഷമാണു ഇരു രാജ്യങ്ങളും സംയുക്ത പ്രസ്താവന പുറത്തിറക്കിയത്.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*അന്താരാഷ്ട്രനിയമങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്തു സമാധാനം നിലനിർത്തുന്നതിനായുള്ള സമഗ്രമായ പരിശ്രമം വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമൻ ചാൻസ്ലർ ഒലാഫ് ഷോൾസും വ്യക്തമാക്കി. വികസ്വര - ദരിദ്ര്യ രാഷ്ട്രങ്ങളുടെ ഭക്ഷ്യ - ഊർജ മേഖലകളിൽ, യുദ്ധം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ആണവായുധങ്ങളുടെ ഉപയോഗവും ഭീഷണിയും അംഗീകരിക്കാൻ കഴിയില്ലെന്നും യു എൻ ചാർട്ടർ പ്രകാരമായുള്ള അന്താരാഷ്ട്രനിയമം അംഗീകരിച്ചു വേണം മുന്നോട്ടുപോകാനെന്നും ഇരു രാജ്യങ്ങളും വ്യക്തമാക്കി. ഭീകരവാദ പ്രവർത്തനങ്ങളെ അപലപിച്ച ഇരു നേതാക്കളും പശ്ചിമേഷ്യൻ മേഖലയുടെ സുരക്ഷ വളരെ പ്രധാനമാണെന്നും അറിയിച്ചു. പലസ്തീനിയൻ സായുധ സംഘടനയായ ഹമാസ് നടത്തിയ ആക്രമണത്തെ അപലപിച്ച ഇരു രാജ്യങ്ങളും ഗാസയിലെ മനുഷ്യാവകാശ ലംഘനങ്ങളെ പറ്റിയും പ്രസ്താവനയിൽ പരാമർശിച്ചു. ഇൻഡോ-പസിഫിക് മേഖലയുടെ സുരക്ഷാ ആഗോളപ്രതിസന്ധികളെ മറികടക്കാൻ സഹായകമാകുമെന്നും ഇരു രാജ്യങ്ങളും തമ്മിൽ പ്രതിരോധ മേഖലയിൽ മെച്ചപ്പെട്ട സഹകരണം ഉറപ്പുവരുത്തുമെന്നും വ്യക്തമാക്കി.*

***ന്യൂസ് ഡെസ്ക് ആകാശവാണി...***

*********************************

**HEADLINE – 2**

## ISRAEL-IRAN

ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രയേലിന്റെ വ്യോമാക്രമണം. ഒക്ടോബർ 1 ന് ഇസ്രായേലിനു നേരെ ഇറാൻ നടത്തിയ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിന് മറുപടിയായിയാണ് പ്രത്യാക്രമണമെന്നു ഇസ്രായേൽ പ്രതിരോധസേന പറഞ്ഞു. ഇസ്രയേലിനു നേർക്ക് തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങൾക്ക് തിരിച്ചടിയാണിതെന്നും ഇസ്രയേൽ സൈന്യം പ്രസ്താവനയിൽ പറഞ്ഞു. ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ വലിയ സ്ഫോടനങ്ങളുണ്ടായതായി റിപ്പോട്ടുണ്ട്.

**********************************

**HEADLINE – 3**

## INDIAN AND CHINESE TROOPS

കിഴക്കൻ ലഡാക്കിലെ യഥാർഥ നിയന്ത്രണരേഖയിൽ ഇന്ത്യ, ചൈന സൈനിക പിൻമാറ്റം ആരംഭിച്ചു. ഡെപ്സങ്, ഡെംചോക് പ്രദേശങ്ങളിൽ നിന്നുള്ള സൈനിക പിൻമാറ്റമാണ് ആരംഭിച്ചത്. സേനാ പിൻമാറ്റം പൂർത്തിയായ ശേഷം പട്രോളിങ് ആരംഭിക്കും. ഇരുപ്രദേശങ്ങളിലും താൽക്കാലികമായി നിർമിച്ച സംവിധാനങ്ങളും പൊളിച്ചുനീക്കും. 2020 ഏപ്രിലിനു മുൻപത്തെ നിലയിലേക്കു ഘട്ടം ഘട്ടമായി മടങ്ങാനാണ് തീരുമാനം. റഷ്യയിലെ കസാനിൽ നടന്ന ബ്രിക്സ് സമ്മേളനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനയുടെ പ്രസിഡന്റ് ഷി ചിൻപിങ്ങും ചർച്ച നടത്തിയിരുന്നു.

**********************************

## DR. L MURUGAN

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനുമായി നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ.മുരുകൻ. ആവർത്തന ജോലികളുടെ ഭാരം കുറയ്ക്കുന്നതിന് ChatGPT, Gemini തുടങ്ങിയ AI ടൂളുകൾ പ്രയോജനപ്പെടുത്താൻ മന്ത്രി നിർദ്ദേശിച്ചു. AI-അധിഷ്ഠിത ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്നതിലൂടെ, ഭരണനിർവ്വഹണ മേഖലകളിൽ കൂടുതൽ ശ്രദ്ധ പുലർത്താനും മികച്ച സേവന വിതരണവും നവീകരണവും ഉറപ്പാക്കാനും സർക്കാർ ഉദ്യോഗസ്ഥർക്ക് കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കി.

**********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും. AIR News വെബ്സൈറ്റ്, newsonair മൊബൈൽ ആപ്പ് എന്നിവയിലൂടെയും കേൾക്കാവുന്നതാണ്.

**********************************

**HEADLINE – 4a**

## JHARKHAND-CAMPAIGNING

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. ആകെ 1,609 നാമനിർദ്ദേശ

പത്രികകളാണ് ലഭിച്ചത്. ബർക്കത്തെ നിയമസഭാ മണ്ഡലത്തിലാണ് കൂടുതൽ പത്രികകൾ ലഭിച്ചത്. തിങ്കളാഴ്ചയാണ് സൂക്ഷ്മ പരിശോധന. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഈ മാസം 30 വരെയാണ്. അതിനിടെ എൻ ഡി എ സഖ്യവും ഐ എൻ ഡി ഐ സഖ്യവും സംസ്ഥാനത്ത് പ്രചാരണം ഊർജ്ജിതമാക്കി. 43 മണ്ഡലങ്ങളിൽ നടക്കുന്ന ആദ്യ ഘട്ട വോട്ടെടുപ്പ് നവംബർ 13 നാണ്. രണ്ടാം ഘട്ട വോട്ടെടുപ്പ് നവംബർ 20ന് നടക്കും.

*********************************

## CJI-AIR (INTRO)

ജുഡീഷ്യറി ഉൾപ്പെടെയുള്ള എല്ലാ തൊഴിലിടങ്ങളിലും വനിതകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തണമെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡോ. ഡി.വൈ.ചന്ദ്രചൂഡ്. ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

(ഹോൾഡ് വോയിസ്)

രാജ്യത്തുടനീളം ജില്ലാ ജുഡീഷ്യറികളിലേക്കുള്ള പരീക്ഷകളിലൂടെ നിയമനം നേടുന്നവരിൽ 50 ശതമാനത്തിലധികം വനിതകളാണെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. ഭാവിയിൽ കൂടുതൽ വനിതകൾ ഉന്നത ജുഡീഷ്യൽ പദവികളിലേക്ക് ഉയരാൻ ഈ പ്രവണത വഴിയൊരുക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

*********************************

**HEADLINE – 4b**

## NOMINATION-BYE-ELECTION

വിവിധ സംസ്ഥാനങ്ങളിലെ 47 നിയമസഭാ മണ്ഡലങ്ങളിലേക്കും കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള

ഉപതെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. വോട്ടെടുപ്പ് അടുത്ത മാസം 13ന് നടക്കും എന്നാൽ മഹാരാഷ്ട്രയിലെ നന്ദേഡ് ലോക്സഭാ മണ്ഡലത്തിലെയും ഉത്തരാഖണ്ഡിലെ കേദാർനാഥ് നിയമസഭാ മണ്ഡലത്തിലെയും വോട്ടെടുപ്പ് നവംബർ 20 നാണ്. വോട്ടെണ്ണൽ നവംബർ 23ന് നടക്കും.

*********************************

## HEADLINE – 5

## RAIN KERALA

കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ ജില്ലകളിലാണ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുള്ളത്. മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നിലവിലുണ്ട്. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുത്. നാളെ കൂടി സംസ്ഥാനത്ത് മഴ തുടരുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിക്കുന്നത്.

*********************************

## PRANAB JYOTI NAB

കേരളത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറായി പ്രണബ് ജ്യോതിനാഥിനെ നിയമിച്ചു. കായിക-യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയായിരുന്നു.

*********************************

## MANNARASALA AAYILYAM

ആലപ്പുഴയിലെ പ്രസിദ്ധമായ മണ്ണാറശ്ശാല ആയില്യ ഉത്സവം ഇന്ന്. ഉത്സവ ചടങ്ങുകൾ പുലർച്ചേ നാലിന് തുടങ്ങി. ഇന്ന് ആലപ്പുഴ ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

*********************************

**HEADLINE – 6**

## BORDER GAVASKAR TROPHY

ഓസ്ട്രേലിയക്കെതിരായ ബോർഡർ ഗാവസ്ക്കർ ട്രോഫിക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. അഭിമന്യു ഈശ്വരൻ, നിതീഷ് കുമാർ റെഡ്ഡി, ഹർഷിത് റാണ എന്നിവരാണ് ടീമിലെ പുതുമുഖങ്ങൾ. ശസ്ത്രക്രിയക്ക് ശേഷം വിശ്രമിക്കുന്ന പേസർ മുഹമ്മദ് ഷമിയെയും കുൽദീപ് യാദവിനെയും പരിഗണിച്ചില്ല.

*********************************

## CRICKET - IND NZ

പൂനെ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലാന്റിന് 301 റൺസിന്റെ ലീഡ്. രണ്ടാം ടെസ്റ്റിന്റെ രണ്ടാം ദിനം കളി നിർത്തുമ്പോൾ ന്യൂസിലൻഡ് തങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ 5 വിക്കറ്റ് നഷ്ടത്തിൽ 198 റൺസ് നേടിയിട്ടുണ്ട്. ഇന്ത്യ തങ്ങളുടെ ആദ്യ ഇന്നിംഗ്സിൽ 156 റൺസിന് ഓൾഔട്ടായി. ബംഗളൂരുവിൽ നടന്ന ആദ്യ ടെസ്റ്റിൽ 8 വിക്കറ്റിന് ജയിച്ച ന്യൂസിലൻഡ് മൂന്ന് കളികളുള്ള പരമ്പരയിൽ മുന്നിട്ട് നിൽക്കുകയാണ്.

*********************************

## ODISHA - DANA

ഒഡീഷയിൽ കഴിഞ്ഞ ദിവസങ്ങളിൽ വീശിയടിച്ച അതി തീവ്ര ചുഴലിക്കാറ്റായ ദാനയുടെ തീവ്രത കുറഞ്ഞു. അതെ സമയം ചുഴലിക്കാറ്റിൽ നാശനഷ്ടങ്ങളുണ്ടായ ഒഡിഷയിലെ ബാലസോർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്. നാശനഷ്ടങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ദുരിതബാധിത ജില്ലകളിലെ കളക്ടർമാരോടും ആവശ്യപ്പെട്ടുണ്ട്.

**********************************

## MUDRA LOAN-20 LAKH

പ്രധാനമന്ത്രി മുദ്ര യോജന പ്രകാരമുള്ള വായ്പാ പരിധി നിലവിലെ 10 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷമായി ഉയർത്തി. ബജറ്റിൽ ധനമന്ത്രി നിർമലാ സീതാരാമൻ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയിരുന്നു. മതിയായ സാമ്പത്തിക പിന്തുണയില്ലാതെ വിഷമിക്കുന്ന മുദ്ര സംരംഭകർക്ക് പുതിയ തീരുമാനം ഗുണം ചെയ്യും.

*

*****************

**************************************************